കേരളകൗമുദി 06 January 2022

# കൂടുമത്സ്യക്കൃഷിക്ക് ഭീഷണിയായ പോളപ്പായൽ നീക്കം ചെയ്തു

കൊച്ചി: കായലിലെ കൂട് മത്സ്യകൃഷിക്ക് ഭീഷണിയായ പോളപ്പായൽ നീക്കംചെയ്യുന്നതിന് ബോധവത്കരണവുമായി എറണാകുളം കൃഷി വിജ്ഞാനകേന്ദ്രം. കായലിലെ ലവണാംശം കൂടി ഒക്ടോബറോടെ അഴുകിപ്പോകാറുള്ള പോളപ്പായൽ ഇത്തവണ കൂടുതൽകാലം നിൽക്കുന്നത് മത്സ്യകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

കായലിൽ കൂട് മത്സ്യകൃഷി ചെയ്യുന്നവരുടെ കൂട്ടായ്മകൾക്ക് ബോധവത്കരണം നടത്തി അവ നീക്കംചെയ്യാനാണ് സി.എം.എഫ്.ആർ.ഐയുടെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രം ശ്രമിക്കുന്നത്. കൂടുകളിൽ നിന്നും പായലുകൾ നീക്കംചെയ്യുന്ന രീതിയും കർഷകരെ പരിശീലിപ്പിക്കുന്നുണ്ട്. സാധാരണയിലധികം മഴലഭിച്ചതും പലപ്പോഴായി അണക്കെട്ടുകൾ തുറന്നുവിട്ടതും കാരണം കായലിലെ ലവണാംശം കുറഞ്ഞ് പോളപ്പായൽ അമിതവളർച്ച നേടാൻ കാരണമായെന്നാണ് കരുതുന്നത്.



സി.എം.എഫ്.ആർ.ഐയുടെ കീഴിലുള്ള എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഏഴിക്കരയിൽ കൂട് മത്സ്യകൃഷിയിടങ്ങളിൽ നിന്ന് പോളപ്പായൽ നീക്കംചെയ്യുന്ന

മത്സ്യങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്ന പലതരം കീടങ്ങളുടെയും രോഗാണുക്കളുടെയും വിളനിലമായി പോളപ്പായലുകൾ മാറുന്നതും മത്സ്യകർഷകർക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ സ്വച്ഛഭാരത് അഭിയാനിന്റെ ഭാഗമായി നടന്ന യജ്ഞത്തിൽ ഏഴിക്കരയിലെ മത്സ്യകർഷകരും പങ്കാളികളായി. രണ്ടേക്കർ മത്സ്യ കൂടുകളിലെ പോളപ്പായൽ നീക്കംചെയ്തു.

## ഓക്സിജന്റെ അളവ് കുറയുന്നു

പോളപ്പായൽ തിങ്ങി നിറയുന്നത് മൂലം കായലുകളിൽ സ്ഥാപിച്ച മത്സ്യക്കൂടുകളിൽ ഒഴുക്ക് തടസപ്പെടുകയും അതുവഴി ഓക്സിജന്റെ അളവ് കുറയുകയും ചെയ്യുന്നതാണ് കൂടുമത്സ്യകൃഷിക്ക് ഭീഷണിയാകുന്നത്. ഡിസംബർ, ജനുവരി മാസങ്ങൾ വിളവെടുപ്പിന് പാകമായ വലിയ മൽസ്യങ്ങളെകൊണ്ട് കൂടുകൾ നിറയുന്ന കാലമാണ്. ഇക്കാലയളവിൽ ഓക്സിജൻ കുറയുന്നത് അപ്രതീക്ഷിതമായി മത്സ്യങ്ങൾ ചത്തുപോകാൻ കാരണമായേക്കാം.